FINAL

# CHAIR FOR CHRISTIAN STUDIES

## UNIVERSITY OF CALICUT

## HCC - II ANNUAL EXAMINATION 2025-26

HCC II — Total Marks : 80

Reg. No : — Time : 2 Hrs

**Part I**

**ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക.** **5x1=5**

1. പിതാവായ ദൈവത്തിന്റെ കരുണയുടെ മുഖം.
(ഈശോ / പരിശുദ്ധാത്മാവ് / പ്രപഞ്ചം)
2. സുവിശേഷത്തിന്റെ ജീവനുള്ള ശബ്ദം സഭയിലും ലോകത്തിലും മുഴങ്ങുന്നത്?
(കൂദാശകളിലൂടെ / പരിശുദ്ധാത്മാവിലൂടെ / ബൈബിളിലൂടെ)
3. ജനങ്ങളുടെ മനസ്സിനെ സ്വാതന്ത്ര്യ സമരത്തിലേക്ക് പാകപ്പെടുത്തിയ ക്രൈസ്തവ ഗ്രന്ഥം?
(സത്യാന്വേഷണ പരീക്ഷകൾ / ചാവരുൾ / വർത്തമാന പുസ്തകം)
4. സീറോ മലബാർ ഹയരാർക്കി സ്ഥാപിച്ച പാപ്പ.
(പീയൂസ് 9 / ലെയോ 13 / പീയൂസ് 11)
5. ആസക്തികളെ നിയന്ത്രിക്കാൻ ശീലമാക്കേണ്ട പുണ്യം?
(അടക്കം / മിതത്വം / ഉത്സാഹം)

**പേരെഴുതുക.** **5x1=5**

6. പരിസ്ഥിതി വിഷയമാക്കി ഫ്രാൻസീസ് പാപ്പ പുറപ്പെടുവിച്ച ചാക്രിക ലേഖനം?
7. മാധ്യമങ്ങളെ ദൈവത്തിന്റെ ദാനങ്ങളായും മനുഷ്യരെ സാഹോദര്യത്തിൽ ഒന്നിപ്പിക്കുന്ന ഘടകങ്ങളായും കാണണം? ആരുടെ വാക്കുകൾ?
8. "കർത്താവേ ഇവളെ ഞാൻ സ്വീകരിക്കുന്നത് ജഡികമായ അഭിലാഷത്താലല്ല നിഷ്കളങ്കമായ സ്നേഹത്താലാണ്." ആരുടെ പ്രാർത്ഥന?
9. ദൈവാസ്തിത്വത്തെ യുക്തിപരമായി തെളിയിക്കാൻ വി. തോമസ് അക്വീനാസ് അവതരിപ്പിച്ച വാദമുഖങ്ങളാണ്?
10. ഈശോയുടെ ജീവിതത്തെപ്പറ്റി പഠിക്കാൻ തുടങ്ങുന്ന വിദ്യാലയം - എന്ന് സഭ വിശേഷിപ്പിക്കുന്നത് എന്തിനെ?

**പ്രസ്താവന ശരിയോ തെറ്റോ എന്നെഴുതുക.** **4x1=4**

11. പരി. മറിയത്തെ നമ്മൾ ഒരിക്കലും ആരാധിക്കുന്നില്ല.
12. പ്രപഞ്ചത്തിലൂടെ നമുക്ക് ദൈവത്തെ അറിയാൻ കഴിയും.
13. സുവിശേഷ പ്രഘോഷണം സന്യസ്തരുടേയും വൈദികരുടേയും മാത്രം കർത്തവ്യമാണ്.
14. എല്ലാ മനുഷ്യാവകാശ നിയമങ്ങളുടേയും അടിസ്ഥാനം സുവിശേഷ മൂല്യങ്ങളാണ്.

**അനുയോജ്യമായവ യോജിപ്പിക്കുക. (ചേരുംപടി ചേർക്കുക)** **4x1=4**

| | | |
|---|---|---|
| 15. സമ്പത്തിന്റെ ദുർവിനിയോഗം | - | വി. ഗ്രന്ഥം |
| 16. നിത്യസത്യങ്ങളുടെ ദൈവിക വെളിപ്പെടുത്തൽ | - | ഫോമോ (FoMo) |
| 17. ആദ്ധ്യാത്മിക ക്ഷമത (Spiritual Quotient) | - | ധൂർത്ത പുത്രന്റെ ഉപമ |
| 18. പുറംതള്ളപ്പെടുമോ എന്ന ഭയം | - | വ്യക്തിത്വ പ്രകാശിത മേഖല |

**രണ്ടോ മൂന്നോ വാക്യങ്ങളിൽ ഉത്തരമെഴുതുക.** **7x2=14**

19. ക്രിസ്തീയ ജീവിത ദർശനത്തിന്റെ അടിസ്ഥാനമെന്ത്?
20. 'ഉണ്ണീശോയെ വഹിക്കുന്ന മാതാവിന്റെ ചിത്രമാണ് പൗരസ്ത്യ പാരമ്പര്യത്തിൽ ഉപയോഗിക്കുന്നത്'- ഇതിലൂടെ സ്വീകരിച്ച സന്ദേശമെന്ത്?
21. നാം ഈ ഭൂമിയിൽ ആയിരിക്കുന്നത് എന്തിനെന്ന ചോദ്യത്തിന് വിശ്വാസപരിശീലനം പൂർത്തിയാക്കുന്ന നിങ്ങൾ നൽകുന്ന ഉത്തരമെന്ത്?
22. "വളരെ നന്നായിരിക്കുന്നു" (ഉല്പ. 1/31) എന്ന വചനം ബൈബിളിലെ പരിസ്ഥിതി ദർശനം സൂചിപ്പിക്കുന്നു. എന്താണത്?
23. സഹനത്തോട് ഉണ്ടായിരിക്കേണ്ട രണ്ട് ക്രിസ്തീയ മനോഭാവങ്ങൾ എഴുതുക.
24. മൊബൈൽ ഫോൺ കൈയ്യിൽ ഇല്ലെങ്കിൽ നിങ്ങൾ അസ്വസ്തരാകുന്നുണ്ടെങ്കിൽ ഉണ്ടാകേണ്ട തിരിച്ചറിവ് എന്ത്?
25. നമ്മുടെ അദ്ധ്വാനവും സമ്പാദ്യവും മൂല്യമുള്ളതായി മാറുന്നത് എപ്പോഴാണ്?

**മൂന്നോ നാലോ വാക്യങ്ങളിൽ ഉത്തരമെഴുതുക.** **4x4=16**

26. വിശ്വാസപരിശീലനത്തിലൂടെ മാധ്യമങ്ങളുടെ ലക്ഷ്യങ്ങളെക്കുറിച്ച് നിങ്ങൾ കൈവരിച്ച ധാരണ എന്ത്?
27. 'എന്റെ സമ്പത്ത് എനിക്ക് ഇഷ്ടമുള്ളത് പോലെ ചെലവഴിക്കും.' സമ്പത്തിന്റെ വിനിയോഗത്തിൽ ഈ നിലപാട് സ്വീകാര്യമാണോ? എന്തുകൊണ്ട്?
28. ശാസ്ത്രബോധമുള്ള നിങ്ങൾ 'പരിണാമം' എന്ന വിഷയത്തിൽ സ്വീകരിക്കുന്ന വിശ്വാസപരമായ നിലപാട് എന്തായിരിക്കും?
29. വിശുദ്ധ ഗ്രന്ഥത്തിലെ പരിസ്ഥിതി ദർശനം വ്യക്തമാക്കുക.
30. വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ 'നവോത്ഥാന നായകൻ'. സമർത്ഥിക്കുക. **1x5=5**
31. ക്രൈസ്തവ സാക്ഷ്യത്തിന്റെ വിവിധ തലങ്ങളിലൂടെ നിങ്ങൾക്ക് മറ്റുള്ളവരുടെ മുമ്പിൽ ഈശോയാകാൻ എങ്ങനെ സാധിക്കുമെന്ന് വിവരിക്കുക. **1x7=7**

## Part II

**കോളത്തിൽനിന്നും ഉത്തരം കണ്ടെത്തി എഴുതുക.** **5x1=5**

| |
|---|
| **കർദ്ദിനാൾ സൈമൺ ലൂർദ് സ്വാമി, മതബോധനം ഇന്ന്, ലയോ XIII-ാം പാപ്പ, വി. ഫ്രാൻസിസ് അസീസി, ഗ്രിഗർമെന്റൽ** |

31. അപ്പസ്തോലിക ലേഖനം
32. "ദൈവത്തിന്റെ സകല സൃഷ്ടികളെ ദൈവത്തെ സ്തുതിക്കുവിൻ"
33. ജനിതക ശാസ്ത്രം
34. പൗരസ്ത്യ തിരുസഭയിലെ അധ്യക്ഷനായിരുന്ന ഭാരതീയൻ?
35. സാമൂഹ്യനീതിയുടെ ശബ്ദം
36. ദുഃഖത്തിന്റെ ഒന്നാമത്തെ രഹസ്യം എഴുതുക. **2**
37. ഒരു കത്തോലിക്ക വിശ്വാസി വിശുദ്ധ കുർബാനയിൽ എന്നൊക്കെ പങ്കുചേരണം? (Youcat No. 219) **2**
38. പരസ്യങ്ങളെക്കുറിച്ച് ഉണ്ടായിരിക്കേണ്ട ധാരണ എന്ത്? **4**
39. വചനം പൂർത്തിയാക്കുക. "ഞാൻ ദൈവത്തെ സ്നേഹിക്കുന്നുവെന്ന് ആരെങ്കിലും പറയുകയും സ്വന്തം സഹോദരനെ ദ്വേഷിക്കുകയും ചെയ്താൽ അവൻ കള്ളം പറയുന്നു. കാരണം ................................................... " (1 യോഹ. 4/20) **3**
40. അന്ത്യവിധി (മത്തായി 25/31-40)യിലെ ചോദ്യങ്ങൾ ചർച്ച ചെയ്തതിലൂടെ നിങ്ങൾക്കുണ്ടായ തിരിച്ചറിവുകൾ എന്തെല്ലാം? **4**